**ALL INDIA RADIO THIRUVANANTHAPURAM**

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 05-08-2026**

### പ്രധാനവാർത്തകൾ

1. സംസ്ഥാനത്തെ മഴക്കെടുതികളിൽ അടിയന്തര സമാശ്വാസ നടപടികൾക്ക് അംഗീകാരം നൽകി മന്ത്രിസഭായോഗം.
   വെള്ളപ്പൊക്ക ഭീഷണി കുറയ്ക്കാൻ ഡാമുകളിലെയും, നദികളിലെയും മണലും ചെളിയും അടിയന്തരമായി നീക്കം ചെയ്യുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.

2. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. 5 ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

3. സുപ്രീം കോടതിയിലെ ജസ്റ്റിമാരുടെ എണ്ണം 37 ആയി വർദ്ധിപ്പിക്കുന്ന ഭേദഗതി ബില്ലിന് പാർലമെൻറിൻറെ അംഗീകാരം. നടപടികൾ പൂർത്തിയാക്കി ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

4. സമരം ചെയ്യുന്ന വിദ്യാർത്ഥികളോട് അധികൃതർ സംയമനത്തോടെ ഇടപെടണമെന്ന് സിജെപി പ്രതിഷേധവുമായി ബന്ധപ്പെട്ട ഹർജിയിൽ സുപ്രീം കോടതി.

5. സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള അക്വാഫിറ്റ് നീന്തൽ പരിശീലന പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കം. മന്ത്രി എൻ ഷംസുദ്ദീൻ ഉദ്ഘാടനം നിർവഹിച്ചു.

*************************

RNU TVPM

## മുഖ്യമന്ത്രി ക്യാബിനറ്റ്

സംസ്ഥാനത്ത് മഴക്കെടുതിയും, വെള്ളപ്പൊക്കവും നേരിടുന്നതിന് അടിയന്തര സമാശ്വാസ നടപടികൾക്ക് അംഗീകാരം നൽകി മന്ത്രിസഭായോഗം. പ്രളയബാധിതർക്കുള്ള ധനസഹായം വർധിപ്പിച്ചതിന് പുറമേ ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് സമ്പൂർണ അധികാരവും ആവശ്യമായ ഫണ്ടും നൽകിയതായും മുഖ്യമന്ത്രി വി ഡി സതീശൻ വാർത്തസമ്മേളനത്തിൽ പറഞ്ഞു. ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണം, ബയോ ടോയ്ലറ്റുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കും. ദുരന്തനിവാരണ രംഗത്ത് നിർമിതബുദ്ധി അധിഷ്ഠിത ഡാം മാനേജ്മെന്റ് സംവിധാനം നടപ്പാക്കുമെന്നും അദ്ദേഹം പറഞ്ഞു. വെള്ളപ്പൊക്ക ഭീഷണി കുറയ്ക്കുന്നതിനായി ഡാമുകൾ, നദികൾ എന്നിവിടങ്ങളിലെ മണലും ചെളിയും അടിയന്തരമായി നീക്കം ചെയ്യും. മുതലപ്പൊഴി വിഷയത്തിൽ സർക്കാരിന്റെ ഭാഗത്ത് നിന്ന് അടിയന്തര ഇടപെടലുകൾ ഉണ്ടാകുമെന്നും മുഖ്യമന്ത്രി ഉറപ്പുനൽകി.

RNUTVPM

**************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്കും, ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. നാളെ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കണ്ണൂർ, കാസറഗോഡ് ജില്ലകളിലും മറ്റന്നാൾ 5 ജില്ലകളിലും ഓറഞ്ച് ജാഗ്രതയാണ്. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ

മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ തീരങ്ങളിൽ നാളെ രാത്രി വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

*************************

## മഴ - കോട്ടയം (ഇൻട്രോ)

കോട്ടയം ജില്ലയിൽ മഴയുടെ ശക്തി കുറഞ്ഞു. മീനച്ചിലാറ്റിൽ ജലനിരപ്പ് താഴ്ന്നു തുടങ്ങി. എന്നാൽ കോട്ടയം നഗരത്തിലും പടിഞ്ഞാറൻ മേഖലയിലും വെള്ളക്കെട്ട് തുടരുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവികാ എസ് നായർ............**

(വോയ്സ്)

RNU TVPM

*************************

## മഴ - ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ മഴയ്ക്ക് നേരിയ ശമനമുണ്ടെങ്കിലും മഴക്കെടുതികൾ രൂക്ഷമായി തുടരുന്നു. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ജലനിരപ്പ് താഴ്ന്നിട്ടില്ല. **ആലപ്പുഴയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ആർ രവികുമാർ തയ്യാറാക്കിയ റിപ്പോർട്ട്....**

( വോയിസ്....)

പത്തനംതിട്ട ജില്ലയിലെ താഴ്ന്ന പ്രദേശങ്ങളിൽനിന്നും വെള്ളം ഇറങ്ങിത്തുടങ്ങിയത് ജനങ്ങൾക്ക് ആശ്വാസം പകരുന്നുണ്ട്.

ആറൻമുളയിലെ ഏറെക്കുറേ പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഒഴിഞ്ഞു.

*************************

## മന്ത്രി എ. പി.അനിൽകുമാർ

മഴക്കെടുതികളുടെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കേന്ദ്രം സന്ദർശിച്ച് സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തി റവന്യു മന്ത്രി എ.പി അനിൽകുമാർ. കനത്ത മഴ സാധ്യതയുള്ള ജില്ലകളിൽ 24 മണിക്കൂറും കൺട്രോൾ റൂമുകൾ പൂർണ സജ്ജമായി പ്രവർത്തിക്കണമെന്നും ജില്ലാ കളക്ടർമാർ സ്ഥിതിഗതികൾ നേരിട്ട് നിരീക്ഷിക്കണമെന്നും മന്ത്രി ഉദ്യോഗസ്ഥരോട് നിർദേശിച്ചു.

*************************

## മന്ത്രി ടി സിദ്ദിഖ്

സംസ്ഥാനത്ത് പ്രകൃതിക്ഷോഭം 23,537 കർഷകരെ നേരിട്ട് ബാധിച്ചതായി മന്ത്രി ടി. സിദ്ദിഖ്. പ്രാഥമിക വിലയിരുത്തൽ പ്രകാരം 67.44 കോടി രൂപയുടെ വിളനാശമാണ് ഉണ്ടായത്. കർഷകർക്ക് സമയബന്ധിതമായി സഹായം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും മന്ത്രി അറിയിച്ചു.

*************************

## എം.വി. ഗോവിന്ദൻ -ദുരിതാശ്വാസ ക്യാമ്പ്

സംസ്ഥാനത്തെ ദുരിതാശ്വാസ ക്യാമ്പുകളിൽ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളുമില്ലെന്നും ക്യാമ്പുകളുടെ അവസ്ഥ പരിതാപകരമാണെന്നും സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. ഇടുക്കി കൊളപ്രയിലെ ഉരുൾപൊട്ടൽ ദുരന്തമേഖല

PNU TVPM

സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

************************

## ജാഗ്രത നിർദേശം

തൃശ്ശൂർ പൊരിങ്ങൽക്കുത്ത് ഡാമിലെ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ഡാമിൻറെ ക്രസ്റ്റ് ഗേറ്റുകൾ തുറന്നിരിക്കുന്നതിനാൽ അധികജലം ചാലക്കുടി പുഴയിലേക്ക് ഒഴുകിയെത്തുമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു. പുഴയുടെ തീരപ്രദേശങ്ങളിൽ വസിക്കുന്നവർ ജാഗ്രത പാലിക്കണം.

************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

RNU TVPM

************************

## പാർലമെന്റ്

നീറ്റ് വിദ്യാർത്ഥി സമരത്തിനെതിരായ പോലീസ് നടപടികളിൽ പ്രതിഷേധിച്ച് പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. വിഷയത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ പാർലമെൻറിൽ പ്രസ്താവന നടത്തണമെന്നാണ് പ്രതിപക്ഷത്തിൻറെ ആവശ്യം. പ്രതിഷേധങ്ങൾക്കിടെ, 'ബാങ്കേഴ്സ് ബുക്സ് എവിഡൻസ് ബിൽ, 2026' ലോക്സഭ പാസാക്കി. സുപ്രീം കോടതിയിലെ ജഡ്ജിമാരുടെ എണ്ണം നിലവിലുള്ള 33-ൽ നിന്ന് 37 ആയി ഉയർത്തുന്നതിനുള്ള ഭേദഗതി ബിൽ പാർലമെൻറ്

പാസ്സാക്കി. ലോക്സഭ നേരത്തെ തന്നെ പാസ്സാക്കിയ ബിൽ രാജ്യസഭ പരിഗണിച്ച ശേഷം മടക്കുകയായിരുന്നു.

************************

## സുപ്രീം കോടതി - സിജെപി

സമരം ചെയ്യുന്ന വിദ്യാർത്ഥികളോട് അധികൃതർ സംയമനത്തോടെ ഇടപെടണമെന്ന് സുപ്രീം കോടതി. പ്രതിഷേധം തടയാൻ അക്രമ നടപടികൾ സ്വീകരിക്കുന്നത് സാഹചര്യം കൂടുതൽ വഷളാക്കുമെന്നും, സി.ജെ.പിക്കെതിരെ നടപടി ആവശ്യപ്പെട്ടുള്ള ഹർജി പരിഗണിക്കവെ കോടതി നിരീക്ഷിച്ചു. പ്രതിഷേധക്കാരുടെ ആവശ്യം മനസിലാക്കുന്നതാണ് സമരത്തെ നേരിടാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമെന്നും ചീഫ് ജസ്റ്റിസ് പറഞ്ഞു.

************************

RNU TVPM

## അക്വാഫിറ്റ് നീന്തൽ

അക്വാഫിറ്റ് നീന്തൽ പരിശീലന പദ്ധതിയിലൂടെ ആദ്യ ഘട്ടത്തിൽ 14,000 വിദ്യാർഥികൾക്ക് പരിശീലനം നൽകുമെന്ന മന്ത്രി എൻ ഷംസുദ്ദീൻ. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. നീന്തൽ അറിയുക എന്നത് കായികപരമായ കഴിവ് മാത്രമല്ല, ജീവൻരക്ഷാ നൈപുണ്യം കൂടിയാണെന്ന് അദ്ദേഹം പറഞ്ഞു. ഓരോ ജില്ലയിലും ആയിരം കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കുമെന്നും വിദ്യാഭ്യാസ മന്ത്രി അറിയിച്ചു.

************************

## ഓണം ബസ് (ഇൻട്രോ)

ഓണത്തോട് അനുബന്ധിച്ച് അധിക ബസ് സർവ്വീസുകൾ നടത്താനൊരുങ്ങി കെഎസ്ആർടിസിയും തമിഴ്നാട്, കർണാടക ട്രാൻസ്പോർട്ട് കോർപറേഷനുകളും. ഈ മാസം 18 മുതൽ സെപ്റ്റംബർ രണ്ടു വരെയാണ് സ്പെഷൽ സർവ്വീസുകൾ ഏർപ്പെടുത്തുന്നത്.

**കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

(വോയ്സ്)

*************************

## ഡാഷ്ബോർഡ്, ബാലാവകാശ കമ്മീഷൻ

RNU TVPM

ജില്ലാതല ബാലസംരക്ഷണ സംവിധാനങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ തയ്യാറാക്കിയ ഏകീകൃത ഡിജിറ്റൽ ഡാഷ്ബോർഡ് മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം ചെയ്തു. കമ്മീഷന്റെ നേതൃത്വത്തിൽ ജില്ലകളിൽ നിന്ന് പ്രതിമാസാടിസ്ഥാനത്തിൽ ശേഖരിക്കുന്ന വിവരങ്ങൾ സംയോജിപ്പിച്ചാണ് ഡാഷ്ബോർഡ് തയ്യാറാക്കുന്നത്.

*************************

## മിൽമ - വ്യാജസന്ദേശം

മിൽമയുടെ സ്വാതന്ത്ര്യദിന സമ്മാനം എന്ന പേരിൽ വാട്സ്ആപ്പിൽ പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്ന് മിൽമ അധികൃതർ അറിയിച്ചു. ഇത്തരം തട്ടിപ്പുകൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും, ഇത് സംബന്ധിച്ച പരാതി പോലീസിന് കൈമാറിയതായും മിൽമ അറിയിച്ചു.

*************************

## എംബിഎസ്

പ്രശസ്ത സംഗീത സംവിധായകൻ എം ബി ശ്രീനിവാസൻറെ സ്മരണാർത്ഥം ഏർപ്പെടുത്തിയിരിക്കുന്ന ഈ വർഷത്തെ എംബിഎസ് പുരസ്കാരം കവിയും ഗാനരചയിതാവും മുൻ ചീഫ് സെക്രട്ടറിയുമായ കെ.ജയകുമാറിന്. ശനിയാഴ്ച തിരുവനന്തപുരത്ത് നടക്കുന്ന ചടങ്ങിൽ മന്ത്രി പി.സി വിഷ്ണുനാഥ് പുരസ്കാരം സമ്മാനിക്കും.

*************************

## ഓഹരി + സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 152 പോയിന്റ് ഉയർന്ന് 78,581 ലും നിഫ്റ്റി 10 പോയിന്റ് നേട്ടത്തിൽ 24,625 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവിലയിൽ വർദ്ധന. പവന് 2,080 രൂപ കൂടി ഒരു ലക്ഷത്തി 7,880 രൂപയും ഗ്രാമിന് 13,460 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

*************************

## സ്പിരിറ്റ് വേട്ട കണ്ണൂർ

കണ്ണൂർ പയ്യന്നൂരിൽ വൻ സ്പിരിറ്റ് വേട്ട. കർണാടക രജിസ്ട്രേഷൻ ലോറിയിലെ ചാക്കുകൾക്കടിയിൽ കന്നാസുകളിൽ സൂക്ഷിച്ചിരുന്ന 7,000 ലിറ്റർ സ്പിരിറ്റാണ് എക്സൈസ് സംഘം പിടികൂടിയത്.

*****************************************************************************

******************